**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 301** **22-07-2021 - ൽ മറുപടിയ്ക്ക്**

**പാറശ്ശാല മണ്ഡലത്തിലെ സബ് രജിസ്ട്രാർ ആഫീസുകളുടെ നവീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി കെ ഹരീന്ദ്രൻ | | Shri. V. N. Vasavan<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | പാറശ്ശാല നിയോജകമണ്ഡലത്തിലെ സബ് രജിസ്ട്രാർ ആഫീസുകളുടെ നവീകരണവുമായി ബന്ധപ്പെട്ട് സ്വീകരിച്ചിട്ടുള്ള നടപടികളും ആയതിന്റെ പുരോഗതിയും അറിയിക്കാമോ; | (എ) | പാറശാല സബ് രജിസ്ട്രാർ ഓഫീസിന്റെ അറ്റകുറ്റപണികളുമായി ബന്ധപ്പെട്ട് ടെണ്ടർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഒറ്റശേഖരമംഗലം സബ് രജിസ്ട്രാർ ഓഫീസിന്റെ അറ്റകുറ്റപ്പണികൾ നടത്തുകയും ഓഫീസിന്റെ കവാടത്തിൽ ഓഫീസ് ബോർഡ് സ്ഥാപിക്കുകയും, പുതിയ നോട്ടീസ് ബോർഡ് സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. കുന്നത്തുകാൽ സബ് രജിസ്ട്രാർ ആഫീസിലെ നവീകരണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്. പെരുങ്കടവിള സബ് രജിസ്ട്രാർ ഓഫീസിന്റെ കുഴൽ കിണർ, ശുചിമുറി മെയിന്റനൻസ് എന്നിവയുമായി ബന്ധപ്പെട്ടുള്ള നടപടികൾ പുരോഗമിക്കുന്നു. |
| (ബി) | മണ്ഡലത്തിലെ ഏതെല്ലാം ഓഫീസുകളിലാണ് മോഡേൺ റിക്കാർഡ്റൂം സംവിധാനം ആരംഭിക്കാൻ ഉദ്ദേശിക്കുന്നതെന്നും അവയുടെ നിർമ്മാണ പുരോഗതി സംബന്ധിച്ച വിശദാംശവും അറിയിക്കാമോ? | (ബി) | ഈ വിഷയത്തിൽ തീരുമാനം എടുത്തിട്ടില്ല. |

സെക്ഷൻ ഓഫീസർ